പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 159 17.3.2015-ലെ മറുപടിക്ക്

ജയിലുകളെ ഉൽപ്പാദന-വരുമാന കേന്ദ്രങ്ങളാക്കാൻ നടപടി

ചോദ്യം

ശ്രീ.സണ്ണി ജോസഫ്

ശ്രീ.പാലോട് രവി

ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

ശ്രീ.വി.റ്റി.ബൽറാം

മറുപടി

ശ്രീ.രമേശ് ചെന്നിത്തല

(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) ജയിലുകളെ ഉൽപ്പാദന-വരുമാന കേന്ദ്രങ്ങളാക്കാൻ പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; | എ) | ജയിലുകളെ ഉല്പാദനവരുമാന കേന്ദ്രങ്ങളാക്കാനുള്ള പദ്ധതികൾ രൂപീകരിക്കാൻ നിലവിൽ ഉദ്ദേശമില്ല. എന്നാൽ ശിക്ഷ പൂർത്തിയാക്കി പുറത്തിറങ്ങുമ്പോൾ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് തടവുകാരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയുള്ള തൊഴിൽ പരിശീലന പദ്ധതികൾ ജയിലുകളിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഇതിനായി ഇലക്ട്രീഷ്യൻ, തെങ്ങുകയറ്റം, ഡ്രൈവിംഗ്, പ്ലംബിംഗ്, ജെ.സി.ബി.ഓപ്പറേഷൻ, വെട്ടുകല്ല് നിർമ്മാണം, കമ്പ്യൂട്ടർ ഓപ്പറേറ്റിംഗ്, ടൈലറിംഗ്, കാർപ്പന്ററി, വീവിംഗ് തുടങ്ങിയ തൊഴിലുകളിലും ഭക്ഷ്യോത്പാദനം, പച്ചക്കറി ഉല്പാദനം, ഡയറി ഉല്പാദനം എന്നവയിലും തടവുകാർക്ക് വിവിധ ജയിലുകളിൽ പരിശീലനം നല്കി വരുന്നുണ്ട്. |
| ബി) ഇത് മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) | |
| സി) ലക്ഷ്യം കൈവരിക്കാനായി ജയിലുകളിൽ നടക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | സി) | |
| ഡി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ? | ഡി) | |

സെക്ഷൻ ഓഫീസർ